**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4419** **18-03-2025 - ൽ മറുപടിയ്ക്ക്**

**വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വീടിനോട് അനുബന്ധിച്ച് സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിന് സ്വീകരിക്കേണ്ടുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സബ്സിഡിയോടു കൂടി പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുവാൻ **പി. എം. സൂര്യ ഘർ മുഫ്റ്റ് ബിജ്‌ലി യോജന** സ്കീമാണ് നിലവിലുള്ളത്. പ്രസ്തുത സ്കീമിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുവാനായി **https://pmsuryaghar.gov.in** എന്ന നാഷണൽ പോർട്ടലിൽ കൺസ്യൂമർ നമ്പർ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. തുടർന്ന് കെ.എസ്.ഇ.ബി.എൽ.-ൽ നിന്ന് ഫീസിബിലിറ്റി വാങ്ങിയതിന് ശേഷം കൺസ്യൂമർ പോർട്ടലിൽ നിന്നും തെരഞ്ഞെടുത്ത വെണ്ടർ മുഖാന്തിരം പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്. അതിനുശേഷം കെ. എസ്. ഇ. ബി. എൽ.- ന്റെ പരിശോധന കഴിഞ്ഞ് കെ. എസ്. ഇ. ബി. എൽ.- ഉം ആയി നെറ്റ് മീറ്ററിംഗ് എഗ്രിമെന്റിൽ ഏർപ്പെട്ടു സോളാർ പ്ലാന്റ് ഗ്രിഡ്ഡുമായി കണക്ട് ചെയ്യാവുന്നതാണ്. |
| (ബി) | ഇതിനായി വടകര താലൂക്കിൽ ഏതൊക്കെ അംഗീകൃത ഏജൻസികളെയാണ് സമീപിക്കേണ്ടതെന്നും, സർക്കാർ തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സബ്സിഡികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (ബി) | വടകര താലൂക്കിൽ മാത്രമായി വീടിനോട് അനുബന്ധിച്ച് സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിന് സമീപിക്കേണ്ട അംഗീകൃത ഏജൻസികളുടെ ലിസ്റ്റ് **അനുബന്ധമായി** ചേർക്കുന്നു. ഇതിനു പുറമെ സംസ്ഥാനത്ത് 16.03.2024 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള 1056 ഡെവലപ്പേഴ്സിൽ ആർക്കും വടകര താലൂക്കിലെ ഗാർഹിക ഉപഭോക്താക്കൾക്ക് പുരപ്പുറ സോളാർ പ്ലാന്റ് നിർമ്മിച്ച് നൽകാവുന്നതാണ്.<br><br>പി. എം. സൂര്യഘർ പദ്ധതി പ്രകാരം 1 kW സിസ്റ്റത്തിന് 30,000/- രൂപയും, 2 kW സിസ്റ്റങ്ങൾക്ക് 60,000/- രൂപയും, 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000/- രൂപയുമാണ് റസിഡൻഷ്യൽ റൂഫ്ടോപ്പ് സോളാറിനുള്ള കേന്ദ്ര സാമ്പത്തിക സഹായം (CFA). |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Sl. No. | NAME OF VENDOR | ADDRESS |
|---|---|---|
| 1 | UREPCOS | Urjamithra Building, Mandarathur P. O., Vatakara - 673105 |
| 2 | Compact Power Solutions | 17/456F, AMARAVATHI, VILLIAPPALLY, VATAKARA, KOZHIKODE, KERALA. 673542 |
| 3 | ERLANTZ SOLAR ENERGY | Kottembram. P. O., Kacheri, Vatakara - 673502 |
| 4 | EKREA SOLAR | 57/485 A, Kuthukallu Kallai. P. O., Kozhikode - 673003 |
| 5 | Murickens Marketing System LLP | Murickens Group, Murickens Building, Kadathuruthy. P. O., Kottayam - 686604 |
| 6 | HI POWER | Opposite Appolo Gold, 21/319E, Near New Busstand, NH Byepass Road, Vadakara Kozhikode. |
| 7 | The Pondicherry Industrial Co-operative Society For New And Renewable Energy Ltd. .No.P.810 | No. 810, No1/341, Faizal Building, Main Road, Azhiyur. P. O., Vadakara. |
| 8 | J STAR TRADE LINKS | 5/90G, Sirajul Huda Educational Complex, Thiruvallur, Kozhikode - 673541 |
| 9 | Uralungal Labour Contract Co-operative society | Madappally college, vadakara, kozhikode - 673102 |
| 10 | My Light | Kasthoorikulam, Nadapuram, opp. Indus Motors, kozhikode. |
| 11 | Power Land | 17/397 398, NEAR NH66, KELUBAZAR. P. O., MADAPPALLY COLLEGE, VADAKARA, KOZHIKODE, KERALA- 673102 |

സെക്ഷൻ ഓഫീസർ.